# ദിദിമോസ് ബാവായുടെ പിന്നിൽ സഭ അണിനിരക്കണം: അൽമായവേദി

**കോട്ടയം:** എറണാകുളം രണ്ടാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നുണ്ടായ പ്രതികൂല വിധി സഭാസ്നേഹികളെ ആലസ്യത്തിൽ നിന്ന് ഉണർത്തുവാൻ കാരണമാകണമെന്നും സഭ ഒന്നടങ്കം ദിദിമോസ്ബാവായുടെ പിന്നിൽ അണിനിരക്കണമെന്നും അൽമായ വേദി സെക്രട്ടേറിയറ്റ് ആഹ്വാനം ചെയ്തു.

സഭയുടെ ഭരണപരമായ ശുദ്ധീകരണത്തിനും സുതാര്യമായ പ്രവർത്തനത്തിനും വേണ്ടി നിലകൊള്ളുന്ന ബാവാ തിരുമേനിയെ വിഷമവൃത്തത്തിലാക്കുവാനുള്ള സഭാ വിരുദ്ധ പ്രവർത്തനങ്ങൾക്ക് തിരിച്ചടി നൽകുവാൻ അൽമായവേദി യൂണിറ്റുകൾ മുന്നോട്ടിറങ്ങുമെന്നും സെക്രട്ടേറിയറ്റ് പ്രഖ്യാപിച്ചു. ഇത്തരക്കാരുടെ ഓലപ്പാമ്പുകളെ ഭയന്ന് ഛിദ്രശക്തികൾക്ക് കീഴടങ്ങുകയോ സന്ധിചെയ്യുകയോ ചെയ്യരുതെന്നും അൽമായവേദി ബാവായോട് അഭ്യർത്ഥിച്ചു.

## പ്രചാരണം തെറ്റിദ്ധാരണാ ജനകം

**കോട്ടയം:** മലങ്കര സഭാ പ്രശ്നത്തെ സംബന്ധിച്ചുള്ള പ്രചാരണത്തിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയെക്കുറിച്ചുള്ള പരാമർശങ്ങൾ ഈ പ്രസ്ഥാനത്തിൻെറ ആശയങ്ങളല്ലെന്ന് അൽമായവേദി അറിയിച്ചു.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ദിദിമോസ് കാതോലിക്കാ ബാവായെ സർവ്വാത്മനാ പിന്തുണയ്ക്കുന്ന ഒരു പ്രസ്ഥാനമാണ്. അദ്ദേഹത്തിനെതിരെ വിധി വന്ന ഉടൻതന്നെ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ അദ്ദേഹത്തെ സന്ദർശിച്ച് പിന്തുണ പ്രഖ്യാപിച്ചു.

ഭാവികാര്യങ്ങളെ സംബന്ധിച്ച് ദിദിമോസ് കാതോലിക്കാബാവാ, വൈദിക ട്രസ്റ്റി ഫാ.ഒ.തോമസ് എന്നിവരുമായി മുക്കാൽമണിക്കൂറോളം ചർച്ച നടത്തി.

മറിച്ചുള്ള പ്രചാരണങ്ങൾക്ക് പിന്നിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ പേരുമായി സാമ്യമുള്ള മറ്റൊരു പ്രസ്ഥാനമാണെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി പി.ആർ.ഒ. ജോയ്സ് തോട്ടയ്ക്കാട് അറിയിച്ചു.